# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3724 — 26.06.2012-ൽ മറുപടിക്ക്

### പരശ്ശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി.ജോർജ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പരശ്ശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘത്തിലെ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തി; | (എ) പരശ്ശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം നടത്തിയ പരിശോധനാ റിപ്പോർട്ടിൽ താഴെ പറയും പ്രകാരം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.<br>1. ബാങ്കിന്റെ ബൈലായ്ക്കും സഹകരണ നിയമം, ചട്ടം എന്നിവയ്ക്കും വിരുദ്ധമായി ബാങ്കിന്റെ പ്രവർത്തനപരിധിക്ക് പുറത്ത് നിന്നുള്ളവർക്ക് അംഗത്വം നൽകുകയും ബാങ്കിന്റെ പ്രവർത്തന പരിധിയിൽ തന്നെയുള്ള കെട്ടിടത്തിന്റെ വ്യാജ വിലാസത്തിൽ വ്യാജരേഖകൾ ചമച്ച് കാർഷിക വായ്പ തരപ്പെടുത്തുകയും ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.<br>2. ബാങ്കിന്റെ ബൈലായ്ക്കും, സഹകരണ നിയമം, ചട്ടം എന്നിവയ്ക്കും വിരുദ്ധമായി ബാങ്കിന്റെ പ്രവർത്തന പരിധിയ്ക്ക് പുറത്ത് നിന്നുള്ളവർക്ക് വ്യാജവിലാസത്തിൽ വായ്പകൾ നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം നിയമ വിരുദ്ധമായി 31,28,250/- രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.<br>3. ബാങ്കിന്റെ അംഗത്വ അപേക്ഷകളിൽ പലതിലും സ്ഥിര താമസം തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല. പല അപേക്ഷകളിലും വിവരങ്ങൾ വ്യക്തമായും പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. പല അപേക്ഷകളിലും അപേക്ഷകന്റെ ഒപ്പ്, സെക്രട്ടറി/ പ്രസിഡന്റ് എന്നിവരുടെ ഒപ്പില്ലാതെ അംഗങ്ങൾക്ക് അംഗത്വം അനുവദിച്ച് നൽകിയിട്ടുണ്ട്. |

4. 1982-ന് ശേഷം നാളിതുവരെ ബാങ്കിനെ റീക്ലാസിഫൈ ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല. കാസ്സിഫിക്കേഷന് വിരുദ്ധമായി ജീവനക്കാർ ബാങ്കിൽ ജോലി ചെയ്തു വരുന്നു.
5. ബാങ്കിന് അംഗീകരിച്ച ഫീഡർ കാറ്റഗറി സബ്റൂൾ നിലവിലില്ല. ഫീഡർ കാറ്റഗറി ഇല്ലാതെയാണ് ജീവനക്കാർക്ക് പ്രൊമോഷൻ നൽകി വരുന്നത്.
6. ബാങ്ക് പുതിയതായി നിർമ്മിച്ച ആഫീസ് കം-ഗോഡൗൺ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്ക് ഭരണ വകുപ്പിന്റെ അനുമതി വാങ്ങിയിട്ടില്ല. കൂടാതെ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബാങ്കിന്റെ തനത് ഫണ്ടിൽ നിന്നും 25,49,960/- രൂപ ചെലവഴിച്ചതിനും ഭരണ വകുപ്പിന്റെ അനുമതി വാങ്ങിയിട്ടില്ല.

(ബി) അതിന്റെ പകർപ്പ് ഹാജരാക്കുമോ; (ബി) സംഘത്തിൽ നടന്ന സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

(സി) പ്രസ്തുത സംഘത്തിനെതിരെ എന്ത് നടപടി സ്വീകരിച്ചു? (സി) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരമുള്ള പരിശോധന റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ക്രമക്കേടുകളിന്മേലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുള്ളതും ബാങ്കിനുണ്ടായ നഷ്ടം എത്രയാണെന്നും ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തുന്നതിനും ഓരോരുത്തരുടെയും നഷ്ടോത്തരവാദിത്വം എത്രയാണെന്ന് തീരുമാനിക്കുന്നതിനും കേരള സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**